**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 641** **08-10-2024 - ൽ മറുപടിയ്ക്ക്**

**കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക്ക് വെഹിക്കിൾ നിർമ്മാണ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക്ക് വെഹിക്കിൾ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് തീരുമാനം ഉണ്ടായിരുന്നോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വ്യവസായ വകുപ്പിനു കീഴിലുള്ള കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് ഇലക്ട്രിക് സ്കൂട്ടറുകൾ നിർമ്മിക്കുവാനുള്ള ഒരു സംയുക്ത സംരംഭം മട്ടന്നൂർ മണ്ഡലത്തിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുവാൻ പദ്ധതിയുണ്ടായിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ കിൻഫ്ര പാർക്കിൽ രണ്ടു ഏക്കർ ഭൂമി വാങ്ങി നൽകുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ നിലവിൽ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം കെ. എ. എല്ലിന് ഈ തീരുമാനം സമയബന്ധിതമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പദ്ധതി മുന്നോട്ടു കൊണ്ടുപോകാനുള്ള സാധ്യതകൾ പരിശോധിക്കുമോ; വിശദമാക്കാമോ? | (ബി) | പദ്ധതി പ്രകാരമുള്ള സംയുക്ത സംരംഭത്തിന്റെ കമ്പനി രൂപീകരണത്തിനുള്ള അപേക്ഷ രജിസ്ട്രാർ ഓഫ് കമ്പനീസിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കമ്പനി രൂപീകരണം പൂർത്തീകരിച്ച ശേഷം കെട്ടിടം പണി, യന്ത്രസാമഗ്രികൾ വാങ്ങൽ മുതലായ നടപടികൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ